<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ആറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1285

13.12.2012- ൽ
മറുപടിക്ക്

## കയർപിരിമേഖലയുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.സി.കെ.സദാശിവൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഏറ്റവും കുറഞ്ഞ ദിവസ വേതനം നിലനിൽക്കുന്നത് കയർ പിരി മേഖലയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. കയർമേഖലയിലെ കുറഞ്ഞ വേതനം കണക്കിലെടുത്ത് കയർ പിരി മേഖലയിൽ 210 രൂപയും ഉല്പന്നമേഖലയിൽ 285 രൂപയും കുറഞ്ഞ ദിവസ വേതനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ പിരി മേഖലയിൽ വേതനത്തിന്റെ ഒരു വിഹിതം സർക്കാർ സഹായമായി തൊഴിലാളികൾക്ക് നൽകുന്നുണ്ട്. |
| (ബി) കയർ പിരി മേഖലയെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) നടപടി സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ കുറഞ്ഞ കൂലി കാരണം ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ വിട്ടുപോകുന്നത് തടയുന്നതിലേയ്ക്കായി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പാക്കി കൂലി വർദ്ധിപ്പിച്ചു. ഈ പദ്ധതി പ്രകാരം 02.02.2012 മുതൽ കൂലി 210 രൂപയായി വർദ്ധിപ്പിക്കുകയും 31.01.2011- നു മുമ്പുണ്ടായ കൂലി മാത്രം സംഘങ്ങൾ/സ്വകാര്യ സംരംഭകർ നൽകുകയും ബാക്കി കൂലി സർക്കാർ വിഹിതമായും നൽകിവരികയും ചെയ്യുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നല്കിവരുന്നു. ഈ പദ്ധതി പ്രകാരം പ്രവർത്തന മൂലധന പരിധി 5 ലക്ഷം രൂപയിൽ നിന്ന് 7.5 ലക്ഷം രൂപയായും, 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഈ പദ്ധതി പ്രകാരം 2011-12 - സാമ്പത്തികവർഷം 389.സംഘങ്ങൾക്ക് 9.55 കോടി |

| | |
|---|---|
| | രൂപ പ്രവർത്തനമൂലധനമായി നൽകി. തൊണ്ടുസംഭരണം ഫലവത്താക്കുന്നതിന് തൊണ്ടു സംഭരണ പദ്ധതിയിൽ കയർ പിരി സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും പദ്ധതി പരിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ചകിരി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്ക് NCRMI വികസിപ്പിച്ചെടുത്ത തൊണ്ട് തല്ല് യന്ത്രങ്ങൾ - സൗജന്യമായിസഹകരണ സംഘങ്ങൾക്കും, സബ്സിഡി നിരക്കിൽ സ്വകാര്യ സംരംഭകർക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും നൽകി വരുന്നു. - സംഘങ്ങൾക്ക് ആധുനിക സ്പിന്നിംഗ് മെഷീനുകൾ നൽകുന്നതുൾപ്പെടെ ഈ മേഖലയെ - സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ